ആധുനിക അറവുശാലകൾ ആരംഭിക്കാൻ നടപടി

119(860)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ ഭക്ഷ്യാവശ്യത്തിന് കശാപ്പു ചെയ്യുന്നത് സംബന്ധിച്ചുള്ള സുപ്രീംകോടതി മാർഗ്ഗരേഖ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗരേഖ മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥർക്കിടയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഗർഭമുള്ള കന്നുകാലികളെ കശാപ്പു ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രതിദിനം ശരാശരി എത്ര കന്നുകാലികളെ കശാപ്പു ചെയ്യുന്നുണ്ട്;

(ഇ) പ്രസ്തുത കന്നുകാലികളെ കശാപ്പ് ചെയ്യുന്നതിന് മുമ്പ് പ്രീമോർട്ടം പരിശോധനയും കശാപ്പിനുശേഷം പോസ്റ്റ്മോർട്ടം പരിശോധനയും നടത്താറുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഇതിലേയ്ക്ക് യോഗ്യതയുള്ള എത്ര ഉദ്യോഗസ്ഥൻമാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് ആധുനിക കശാപ്പുശാലകൾ ആരംഭിക്കാനും വേദനാരഹിതമായ മാർഗ്ഗത്തിലൂടെ കശാപ്പ് നടത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)സംസ്ഥാന സർക്കാരിന്റെ മൃഗസംരക്ഷണം, മുനിസിപ്പൽ ഭരണം, പഞ്ചായത്ത് എന്നീ വകുപ്പ് അദ്ധ്യക്ഷൻമാരോട് ആരാഞ്ഞതിൽ ആ വകുപ്പുകളിൽ ഒന്നും സുപ്രീംകോടതി മാർഗ്ഗരേഖ ലഭിച്ചിട്ടില്ല എന്നാണറിയാൻ കഴിഞ്ഞത്. എസ്.പി.സി.എ. യുമായി ബന്ധപ്പെട്ടതിൽ, അവിടെയും ലഭിച്ചിട്ടില്ല എന്നറിയുന്നു.

കേരള സംസ്ഥാനം, മാടുകളുടെ അറവ് നിരോധിച്ചിട്ടില്ല. മദ്ധ്യപ്രദേശ് സർക്കാർ, 1991 ലെ 'എം.പി. കൃഷിക്ക് പശു പരിരക്ഷൻ (സംശോധന) അധീനിയം' എന്ന ഒരു ഭേദഗതി നിയമപ്രകാരം ആ സംസ്ഥാനത്ത് മാടുകളുടെ (bulls and bullocks) അറവ് പൂർണ്ണമായും നിരോധിച്ചിരുന്നു. ഇതിനെതിരെ ശ്രീ. ഹസ്മത്തുള്ള എന്നയാൾ സമർപ്പിച്ച അപ്പീൽ അനുവദിച്ചുകൊണ്ട് 1996 മേയ് 10 ന് സുപ്രീംകോടതി പുറപ്പെടുവിച്ച 'വിധിന്യായം'എ.ഐ.ആർ. 1996 സുപ്രീം കോർട്ട് 2076'ൽ റിപ്പോർട്ടുചെയ്ത് വന്നിട്ടുണ്ട്. നിയമവകുപ്പിൽ നിന്നും ഈ വിധിന്യായത്തിന്റെ പകർപ്പ് എടുത്തിട്ടുണ്ട്. ഇതുപ്രകാരം മദ്ധ്യപ്രദേശ് സർക്കാർ പുറപ്പെടുവിച്ച മാടുകളുടെ അറവ് പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള ഭേദഗതി നിയമം വ്യവസ്ഥയ്ക്കു വിധേയമായി റദ്ദാക്കപ്പെട്ടിരിക്കുകയാണ്. അറക്കുവാൻ ഉദ്ദേശിക്കപ്പെടുന്ന ഉരു അതിന് ഉപയോഗിക്കാവുന്നതാണ് എന്ന ഒരു സർട്ടിഫിക്കറ്റ്, അതിനധികാരമുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങണമെന്നാണ് പ്രസ്തുത വ്യവസ്ഥ. ഇവിടെ, അറവ് നിരോധിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, ഈ വ്യവസ്ഥ ബാധകമാകുമോ എന്ന കാര്യവും മറ്റും പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ, സുപ്രീംകോട

LIBRARY ARCHIVES Kerala Legislative Assembly

തിയിൽ നിന്നും മറ്റെന്തെങ്കിലും 'മാർഗ്ഗരേഖ' പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യവും അന്വേഷിക്കേണ്ടിയിരിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശരാശരി 3827 കന്നുകാലികളെ പ്രതിദിനം കശാപ്പു ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഇ) അറവുശാലകൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതു നടത്താറുണ്ട്.

(എഫ്) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, നഗരസഭകൾ എന്നിവയിൽ നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ വെറ്റിറിനറി ഡോക്ടർമാർക്കും ഇതിനുള്ള യോഗ്യതയുണ്ട്.

(ജി) ഉരുക്കൾക്ക് വേദന ഇല്ലാതെയും ശുചിയായും കശാപ്പു നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കാനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും മറ്റും മൃഗസംരക്ഷണ വകുപ്പ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ, കാർഷിക സർവ്വകലാശാല എന്നിവ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിൽ വേദന കൂടാതെ മൃഗങ്ങളെ കശാപ്പുചെയ്യുവാനുള്ള സംവിധാനം ഇപ്പോൾതന്നെ ഉണ്ട്.

കാലികൾ നഷ്ടപ്പെട്ട കർഷകർക്ക് സഹായം

120(861)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം ബാധിച്ച് കാലികൾ നഷ്ടപ്പെട്ട കർഷകർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) കറവമാടുകളേയും കാലികളേയും സർക്കാർ ചെലവിൽ ഇൻഷർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിൽ കറവമാടുകളും കാലികളും കുളമ്പുരോഗത്തിൽ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാൻ ശേഷിക്കുന്നുണ്ടോ;

(ഇ) ആശ്രമം വാർഡിൽ ആവുംവെളിയിൽ വി.എൻ. സോമൻ എന്ന കർഷകന് നഷ്ടപരിഹാരമെന്തെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. എന്നാൽ കറവ പശുക്കളെയും അവയുടെ ഉടമകളെയും സൗജന്യനിരക്കിൽ മുന്ന് വർഷക്കാലത്തേയ്ക്ക് ഇൻഷ്യർ ചെയ്യുന്ന കാമധേനു ഇൻഷ്വറൻസ് എന്ന പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly